ജലസേചനത്തിന് ചെലവാക്കിയ തുക

231 [283] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-77-ൽ ജലസേചനത്തിന് എത്ര തുക ചെലവാക്കി;

(ബി) പദ്ധതികളെ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുണ്ടോ ;

(സി) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നിർമ്മാണത്തിന് അനുമതി കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ഈ പദ്ധതി പ്രധാനപ്പെട്ട ഒന്നാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ഉത്തരം

(എ) 1976-77-ൽ വന്കിടയും ഇടത്തരവും ജലസേചനപദ്ധതികൾക്കു വേണ്ടി 1115·99 ലക്ഷം രൂപ നവംബർ അവസാനംവരെ ചെലവായിട്ടുണ്ട്.

(ബി) പദ്ധതികളുടെ ആസൂത്രണംചെയ്ത പണികൾ എല്ലാം നടപ്പിലാക്കുന്നതിനുവേണ്ട ഫണ്ടില്ല.

(സി) ഇല്ല. കനാലുകളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകാത്തതാണിതിന് കാരണം.

(ഡി) ഉണ്ട്.

സഹകരണസംഘങ്ങളിൽ കൂടിയുള്ള വിറകുവിതരണം

232 [284] ശ്രീ. റ്റി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായ ഉപഭോക്താക്കൾ സഹകരണസംഘങ്ങളിൽ കൂടിവിറകു വിതരണംചെയ്യുന്ന സംപ്രദായത്തിനു എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) തൃശ്ശൂർ നഗരാതിർത്തിയിൽപ്പെട്ട സഹകരണസംഘങ്ങൾ വഴി സാധാരണ ജനങ്ങൾക്ക് വിറകു വിതരണം ചെയ്തിരുന്ന മുൻപതിവ് ഇക്കൊല്ലം നിർത്തിവയ്ക്കാൻ എന്താണ് കാരണം ;

(സി) വിറകു വിതരണം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ച സഹകരണസംഘങ്ങളെ മാറ്റി നിറുത്തി വിറകു ലേലം വിളിക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്ത് ;

(ഡി) വിറകു ലേലം വിളിക്കുകയാണെങ്കിലും സാധാരണ ജനങ്ങൾക്ക് അതു ലഭ്യമാകുകയില്ലെന്നും ലേലത്തിൽ പങ്കെടുക്കാൻ സാമ്പത്തികശേഷിയുള്ള കച്ചവടക്കാർക്ക് മാത്രമേ സാധിക്കൂ എന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാര്യം പുനഃപരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൻമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾ പരിഗണിച്ചാണ് ഇത് നിർത്തിവച്ചത്.

(സി) മേൽപറഞ്ഞ സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ വേണ്ടി.

LIBRARY ARCHIVES Kerala Legislative Assembly